# താഴ്മയോടെ

## മത്തായി 20:27

"നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസനാകേണം."

ഏവർക്കും സുപരിചിതമായ ഒരു വാക്യഭാഗമാണല്ലോ നാം വായിച്ചത്. ആരാണ് നിങ്ങളിൽ ശ്രേഷ്ഠൻ എന്നൊരു ആശങ്ക ശിഷ്യന്മാരിൽപോലും ഉണ്ടായിരുന്നതായി നാം വായിക്കുന്നുണ്ട്. ഈ വാക്യഭാഗം നാം പരിശോധിക്കുമ്പോൽ ഇവിടെ സെബെദി പുത്രന്മാരായ യാക്കോബിന്റെയും യോഹന്നാന്റെയും അമ്മയായ ശലോമ, യേശു കർത്താവിന്റെ മുമ്പിൽ ഒരു ഒരു അപേക്ഷയുമായി വന്നിരിക്കുന്നു. തന്റെ പുത്രന്മാർ ഇരുവരെയും കർത്താവിന്റെ രാജ്യത്തിൽ ഇടത്തും വലത്തുമായി ഇരുത്തണമേ എന്നായിരുന്നു അപേക്ഷ. മറ്റ് ശിഷ്യന്മാരേക്കാളും ശ്രേഷ്ഠമായ പദവികളിലേയ്ക്ക് അവർ ഉയർത്തപ്പെടണം എന്ന ചിന്തയാണ് നമുക്കിവിടെ കാണുവാൻ സാധിക്കുന്നത്.

കർത്താവ് ചെയ്ത അത്ഭുതങ്ങളും, അവന്റെ ഉപദേശങ്ങളും നേരിൽ കണ്ട് അവനെ അനുഗമിച്ചവരാണ് ശിഷ്യന്മാർ. മൂന്നര വർഷക്കാലം അവർ കർത്താവിന്റെ കൂടെ നടന്നു എങ്കിലും, അവന്റെ അത്ഭുതങ്ങളും വീര്യപ്രവൃത്തികളും മാത്രമാണ് അവർക്ക് ദർശിക്കുവാൻ സാധിച്ചത്. അവന്റെ താഴ്മ അവരിലേക്ക് ഇറങ്ങിയില്ല. ദൈവപുത്രനായ യേശു ഭൂമിയിലേയ്ക്ക് മനുഷ്യനായി അവതരിച്ചതിന്റെ ലക്ഷ്യം പൂർണ്ണമായി അവർക്ക് ആ സമയം ഉൾക്കൊള്ളുവാൻ സാധിച്ചില്ല എന്നു തന്നെ നാം മനസ്സിലാക്കണം.

ദൈവമക്കളായ നമുക്ക് ഓരോരുത്തർക്കും യേശുവിന്റെ താഴ്മ എത്രത്തോളം ഉൾക്കൊള്ളുവാൻ സാധിച്ചിട്ടുണ്ട്? അതോ, നാമും ശിഷ്യന്മാരെപ്പോലെ അവന്റെ അത്ഭുത പ്രവൃത്തികൾ മാത്രം ദർശിക്കുവാനായിട്ടാണോ അവനെ പിൻപറ്റുന്നത്? എന്നാൽ വേദപുസ്തകം നമ്മെ ഓർമ്മപ്പെടുത്തുന്നത് തന്നെത്താൻ ത്യജിക്കുവാനാണ്. തന്നെത്താൻ ത്യജിച്ച്, അവന്റെ ക്രൂശിനെ പിൻപറ്റുവാനുള്ള വിളിയാണ് നമുക്ക് ലഭിച്ചിരിക്കുന്നത്. വിശ്വാസികളുടെ ഇടയിൽ മത്സരമല്ല, പകരം മറ്റുള്ളവരെ കരുതുവാനാണ് യേശുകർത്താവ് നമ്മെ പഠിപ്പിച്ചത്. കുഷ്ഠരോഗിയേയും, കുരുടനേയും, ബധിരനേയും ഒക്കെ അകറ്റി നിർത്തിയിരിക്കുന്ന ഒരു സമൂഹത്തിലാണ് യേശുകർത്താവ് അവരിലേയ്ക്ക് ഇറങ്ങി ചെന്നത്.

പൗലോസ് അപ്പോസ്തോലൻ ഫിലിപ്പിയർക്ക് എഴുതിയ ലേഖനത്തിന്റെ രണ്ടാം അദ്ധ്യായത്തിലും യേശുകർത്താവിന്റെ താഴ്മയാണ് പരാമർശിച്ചിട്ടുള്ളത്. ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കാതെ, ക്രൂശുമരണത്തോളം നമുക്കുവേണ്ടി തന്നെത്താൻ താഴ്ത്തിയ കർത്താവിനെയാണ് അപ്പോസ്തോലൻ കാണിച്ചു തരുന്നത്.

യേശുകർത്താവ്, തന്റെ ജീവിതത്തിലൂടെ നമുക്ക് മാതൃകയാക്കിയതും ഈ താഴ്മയാണ്. താഴ്മയോടെ ദൈവസന്നിധിയിൽ നാം സമർപ്പിക്കുമ്പോൾ നമ്മിൽകൂടെത്തന്നെ ദൈവ പ്രവൃത്തികൾ മറ്റുള്ളവർക്ക് വെളിവാകും. ക്രിസ്തുയേശുവിലുള്ള ഈ താഴ്മയുടെ മനോഭാവം, അവനെ പിൻപറ്റുന്നവരായ നമ്മുടെ ഉള്ളിലേയ്ക്കും ആഴത്തിൽ ഇറങ്ങട്ടെ.

പരാമർശം:

ലൂക്കോസ് 22:27

ഞാനോ നിങ്ങളുടെ ഇടയിൽ ശുശ്രൂഷിക്കുന്നവനെപ്പോലെ ആകുന്നു

.

സിസ്റ്റർ ഫെബി മറിയം വിനോദ് കായംകുളം 005